

ഫോട്ടോ : സുനിൽ സരൂ

# കൈനൂർ
# പന്നി പോയി, ബീജക്കാള വന്നു!

കേരളീയം വാർത്താശൃംഖല

തൃശൂരിലെ കൈനൂർ പന്നി വളർത്തൽ കേന്ദ്രത്തിനെതിരായ ഐതിഹാസികമായ സമരം വിജയിച്ചെങ്കിലും കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ് നൽകിയ വാഗ്ദാനങ്ങളും ഉറപ്പുകളും ലംഘിച്ച് ആ സ്ഥലം വിത്തുകാള പ്രജനന കേന്ദ്രമായി മാറ്റിയിരിക്കയാണ്. ഒരു മാസത്തിലധികമായി അമ്പതോളം കാളകളെയാണ് കൈനൂരിലേയ്ക്ക് ഇറക്കുമതി ചെയ്തിരിക്കുന്നത്. പന്നി പോയി ബി.എസ്.എഫ്. കേന്ദ്രം വരുമെന്നാണ് പറഞ്ഞുകേട്ടിരുന്നതെങ്കിലും ഇപ്പോൾ വന്നിരിക്കുന്ന കാളക്കൂറ്റന്മാരെക്കുറിച്ച് ജനങ്ങൾക്ക് ആശങ്കയുണ്ട്.

2008 ജനുവരിയിൽ മുഖ്യമന്ത്രിയും റവന്യൂമന്ത്രി കെ.പി. രാജേന്ദ്രനും നൽകിയ ഉറപ്പനുസരിച്ച് സ്ഥലം കെ.എൽ.ഡി. ബോർഡിൽ നിന്നും റവന്യൂ വകുപ്പ് ഏറ്റെടുക്കേണ്ടതായിരുന്നു. എന്നാൽ അതിനിയും നിറവേറ്റിയിട്ടില്ല. കാളകൾ വന്നെങ്കിലും കേന്ദ്രത്തിന്റെ ഉൽഘാടനം ഇതുവരെയും നടന്നിട്ടില്ല. സമരം അവസാനിപ്പിക്കുമ്പോൾ ധാരണയനുസരിച്ച് സമരക്കാരുടെ പേരിലുള്ള എല്ലാ കേസുകളും പിൻവലിക്കേണ്ടതായിരുന്നു. അതൊന്നും ഇതുവരെ ചെയ്തിട്ടില്ല. കൂടാതെ പന്നി വളർത്തൽ കേന്ദ്രത്തിനെതിരായ വിജിലൻസ് അന്വേഷണവും വഴിമുട്ടി നില്ക്കുകയാണ്. സമരസമിതി കൺവീനർ കൈനൂർ ശിവദാസിൽ പറയുന്നു: "കേസുകൾ പിൻവലിക്കുന്നതും ഔപചാരികമായ ഉൽഘാടനം നടത്താതെ കേന്ദ്രം നടത്തുന്നതും സി.പി.ഐ.(എം)ന്റെ കപട രാഷ്ട്രീയതന്ത്രമാണ്. കാരണം ഇനി ആരും സമരത്തിനു വരരുത്. അതുകൊണ്ട് കേസ്സൊഴിവാക്കാതെ ആളുകളെ കഷ്ടപ്പെടുത്തി എതിർപ്പില്ലാതാക്കുകയാണ്. "


## കെ.പി. ശശിയുടെ ഡോക്യുമെന്ററികൾ/സിനിമകൾ

1. A Valley Refuse to Die
2. Redefining Peace
3. Development at Gun Point
4. Voices from a Disaster
5. America America
6. If it rains again
7. ഇലയും മുള്ളും
8. Ekalag Mousum
9. In the Name of Medicine
10. Living in Fear
11. Source of Life for Sale
12. Ek Chingari Ki Khoj Mein
13. The wings of Kokkrebellur
14. The Time of After Tsunami
15. Resisting Costal Invasion

**സി.ഡി.കൾ, കോപ്പികൾക്കും പ്രദർശനത്തിനും**

കേരളീയം

കൊക്കാലെ, തൃശൂർ-21
9446576943